27 (423) ശുചിത്വ ഗ്രാമ പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ ഗ്രാമപദ്ധതി നടപ്പിലാക്കിയ കൊയിലാണ്ടി മണ്ഡലത്തിലെ തിക്കൊടി, തുറയൂർ പഞ്ചായത്തുകളിൽ എത്ര രൂപ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ചെലവ് വന്നു;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്ക് കക്കൂസും ശുദ്ധജലവും എത്തിച്ചു;

(സി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിക്കൊടി പഞ്ചായത്തിൽ 16.356 ലക്ഷം രൂപയും, തുറയൂർ പഞ്ചായത്തിൽ 12.7941 ലക്ഷം രൂപയും ചെലവായി.

(ബി) തുറയൂർ പഞ്ചായത്തിൽ 548 കക്കൂസുകളുടെ നിർമ്മാണവും, 143 കിണറുകളുടെ സംരക്ഷണ പണികളും പൂർത്തിയായി. തിക്കൊടി പഞ്ചായത്തിൽ 760 കക്കൂസുകളുടെ നിർമ്മാണവും 76 കിണറുകളുടെ സംരക്ഷണപണിയും പൂർത്തിയായിട്ടുണ്ട്.

(സി) തുറയൂർ പഞ്ചായത്തിൽ 800 കക്കൂസുകളുടെ നിർമ്മാണത്തിന് 16 ലക്ഷം രൂപയും 200 കിണറുകളുടെ സംരക്ഷണത്തിന് 2.40 ലക്ഷം രൂപയും, തിക്കൊടിയിൽ 900 കക്കൂസുകൾ നിർമ്മിക്കുന്നതിന് 18 ലക്ഷം രൂപയും 100 കിണറുകളുടെ സംരക്ഷണപ്പണികൾക്ക് 1.20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

ഇതിനുപുറമേ തുറയൂർ പഞ്ചായത്തിൽ പരിശീലനത്തിന് 4800 രൂപയും പ്രചരണത്തിന് 9000 രൂപയും ചെലവായിട്ടുണ്ട്. തിക്കൊടി പഞ്ചായത്തിന് പരിശീലനത്തിന് 4800 രൂപയും പ്രചാരണത്തിന് 9500 രൂപയും, മേസ്തിരി പരിശീലനത്തിന് 3100 രൂപയും സ്ഥാപനങ്ങളുടെ കക്കൂസ് നിർമ്മാണത്തിന് 7000 രൂപയും ചെലവായി.

28 (424) കാലവർഷം നേരിടാൻ നടപടി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽക്ഷോഭവും കാലവർഷവുംമൂലം തീരദേശവാസികൾ കൊടും പട്ടിണിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കടൽക്ഷോഭം തീരുന്നതുവരെ തീരദേശത്ത് സൗജന്യ റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly